# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4537

18.05.2017 ൽ മറുപടിക്ക്

## ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി. വി.രാജേഷ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| | ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; കണ്ണൂർ ജില്ലയിൽ പദ്ധതിയുടെ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | കേരളത്തിലെ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനിരിക്കുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (KKBMPL) പ്രൊജക്റ്റിന്റെ പ്രാരംഭ സർവ്വേ നടപടികളും, 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പൂർത്തിയാക്കി കഴിഞ്ഞു. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും പൂർത്തീകരിച്ചു വരുന്നുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും കേരളത്തിൽ 435 കി.മീ (86%) പൂർത്തിയാക്കിക്കഴിഞ്ഞു. മലപ്പുറം ജില്ലയിൽ സർവ്വേ നടപടികൾ ഉടനെ തുടങ്ങും.<br><br>എറണാകുളം , തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. മലപ്പുറത്തെ അരീക്കോട് മുതൽ കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ വില്ലേജ് വരെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏപ്രിൽ അവസാനം ആരംഭിച്ചുകഴിഞ്ഞു,. പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ പ്രകൃതിവാതകപൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടികളും, 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈനിന്റെ ദൈർഘ്യം (ROU) 83 കിലോ മീറ്ററാണ്. ഇതിൽ 81 കിലോമീറ്ററിലും നഷ്ടപരിഹാരം നൽകവാനുള്ള അളവെടുപ്പും , മഹസറും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ വില്ലേജ് മുതൽ കുറുമാത്തൂർ വില്ലേജ് വരെയുള്ള 47 കി.മീ പൈപ്പ് സ്ഥാപിക്കുന്ന പണി ഉടൻ തന്നെ ആരംഭിക്കും.<br>കണ്ണൂർ ജില്ലയിൽ 5 SV സ്റ്റേഷനും 1 IP സ്റ്റേഷനും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ ഒലായിക്കര, കൂടാളി, പരിയാരം എന്നീ സ്റ്റേഷനുകൾ ഗെയിൽ ഏറ്റെടുത്ത് കഴിഞ്ഞു. കുറുമാത്തൂർ, ആലമ്പടമ്പ എന്നീ സ്റ്റേഷനുകളുടെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. തൃപ്പങ്ങോട്ടൂർ വില്ലേജിലെ കടവത്തൂർ സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ